# KERALA POLICE INFORMATION CENTRE

No. 26/PR/PIC/PHQ/09 Date: 28/12/09

## ക്രിസ്മസ് ദിനത്തിൽ (2009ൽ), മുൻവർഷത്തേക്കാൾ റോഡപകടങ്ങൾ കുറഞ്ഞു

ഈ വർഷം ക്രിസ്മസ് ദിനത്തിൽ മദ്യപിച്ചു വാഹനമോടിക്കുന്നതുൾപ്പെടെ, അപകടങ്ങൾക്ക് കാരണമാകുന്ന പെറ്റി കേസ്സുകൾ പിടിക്കുന്നതിലും പോലീസിന്റെ സാന്നിദ്ധ്യം പ്രധാന ജംഗ്ഷനുകളിലും, അപകട സാദ്ധ്യത കൂടിയ മേഖലകളിലും കൂടുതൽ ഉറപ്പിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇതിനായി വാഹന പരിശോധന കർശനമാക്കുന്നതിനായി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനു വേണ്ടുന്ന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിരുന്നു. ഇതിനെ തുടർന്ന് കഴിഞ്ഞവർഷത്തേക്കാൾ കുറവ് വാഹനാപകടങ്ങൾ മാത്രമേ ഈ വർഷത്തെ ക്രിസ്മസ് ദിനത്തിൽ ഉണ്ടായിട്ടുള്ളൂ എന്ന് എടുത്തുപറയേണ്ടതുണ്ട്. കർക്കശമായ ട്രാഫിക് നിയമപാലനത്തിലൂടെ റോഡപകടങ്ങളുടെ എണ്ണം കുറയ്ക്കാനുള്ള ശ്രമം പുതുവർഷത്തലേന്നും കേരള പോലീസ് നടത്തുന്നതാണ്. റോഡിൽ സഹായ ഹസ്തവുമായി ജാഗ്രതയോടെ നിലകൊള്ളാൻ പോലീസ് ബദ്ധശ്രദ്ധരായിരിക്കും. ഏതെങ്കിലും ട്രാഫിക് അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജനങ്ങൾ അപ്പോൾ തന്നെ ഹൈവെ അലർട്ട് നമ്പറിലേക്ക് (9846100100) വിളിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2008 ലേയും 2009 ലേയും ക്രിസ്മസ് ദിനത്തിലുണ്ടായ റോഡപകടങ്ങളുടെയും പെറ്റി കേസുകൾ പിടിച്ചതിന്റെയും വിശദവിവരം പ്രത്യേകം ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതിൽ നിന്നും 2009-ൽ 70% പെറ്റി കേസുകൾ കൂടുതൽ പിടിച്ചിട്ടുള്ളതായും വാഹനാപകടങ്ങളുടെ എണ്ണത്തിൽ 38% കുറവുണ്ടായിട്ടുള്ളതായും കാണാം.

The contents of this document may be deemed to be based on received information which is subject to further verification

Details of Road Accident occurred and Petty Cases detected on 25.12.2008 and 25.12.2009

| District | 2008 | | | 2009 | | |
|---|---|---|---|---|---|---|
| | Total accident | injured | Total petty cases | Total accident | injured | Total petty cases |
| TRIVANDRUM CITY | 2 | 1 | 253 | 5 | 5 | 360 |
| TRIVANDRUM RURAL | 6 | 6 | 215 | 4 | 5 | 512 |
| KOLLAM | 3 | 3 | 260 | 4 | 5 | 794 |
| PATHANAMTHITTA | 1 | 1 | 237 | 4 | 4 | 328 |
| ALAPPUZHA | 8 | 10 | 114 | 5 | 3 | 279 |
| KOTTAYAM | 14 | 21 | 113 | 3 | 3 | 328 |
| ERNAKULAM CITY | 4 | 5 | 269 | 2 | 1 | 289 |
| ERNAKULAM RURAL | 12 | 15 | 235 | 7 | 6 | 144 |
| IDUKKI | 7 | 10 | 165 | 3 | 6 | 178 |
| TRISSUR | 9 | 9 | 533 | 4 | 4 | 174 |
| PALAKKAD | 4 | 5 | 733 | 1 | 1 | 1117 |
| MALAPPURAM | 11 | 17 | 455 | 3 | 3 | 1252 |
| KOZHIKKODE CITY | 5 | 4 | 177 | 6 | 12 | 831 |
| KOZHIKKODE RURAL | 3 | 3 | 189 | 4 | 5 | 587 |
| WAYANADU | 4 | 4 | 112 | 2 | 2 | 166 |
| KANNUR | 3 | 6 | 435 | 5 | 16 | 434 |
| KASARAKODU | 4 | 5 | 187 | Nil | Nil | 204 |
| **STATE TOTAL** | **100** | **125** | **4682** | **62** | **81** | **7977** |